**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.6707** **04/04/2018 -ൽ മറുപടിക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിൽ തട്ടിപ്പ്**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മുഖേന ലഭ്യമാക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിൽ തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് തട്ടിപ്പ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. മൗണ്ട് ടാബോർ ട്രെയിനിംഗ് കോളേജ്, പത്തനാപുരം, എം.ജി.കോളേജ്, ഇരിട്ടി, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട തട്ടിപ്പ് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടത്. കൂടാതെ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് 33 വ്യാജ അപേക്ഷകൾ കോട്ടയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് എന്ന സ്ഥാപനത്തിൽ ലഭിച്ചിട്ടുമുണ്ട്. |
| (ബി) തട്ടിപ്പ് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) തട്ടിപ്പ് നടത്തിയത് ആരാണെന്ന് കണ്ടുപിടിക്കുന്നതിലേക്കായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും പോലീസ് സൈബർ സെല്ലിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നു വരികയാണ്. കൂടാതെ, തെറ്റ് കണ്ടെത്തിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്യരുതെന്ന് ന്യൂനപക്ഷമന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. വ്യാജ അപേക്ഷകൾ സമർപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഈ വിഷയം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ എം.സി.എം സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിഭാഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**